TB Weekly Movie Review

**#Movie** Panel

Attention Please

എഴുതിയത് : Jithesh Mangalath

നാലു വർഷം മുമ്പ് പരിയേറും പെരുമാൾ കണ്ടതിനു ശേഷം ആ സിനിമയെപ്പറ്റി എഴുതിയവസാനിപ്പിച്ചത് ഇപ്പോഴുമോർമ്മയിലുണ്ട് "ഇതു പോലൊരു സിനിമ മലയാളത്തിലെന്നു വരും?!"
ഇന്നിപ്പോൾ ജിതിൻ ഐസക് തോമസിന്റെ അറ്റൻഷൻ പ്ലീസ് കണ്ടുകഴിയുമ്പോൾ എനിക്കതിനൊരുത്തരം കിട്ടിയതായി ഞാൻ മനസ്സിലാക്കുന്നു.

ഒരു കൺഫൈൻഡ് സ്പേസിനകത്ത്,നാലഞ്ച് കഥാപാത്രങ്ങളുടെ മാത്രം സാന്നിദ്ധ്യത്താൽ,സംഭാഷണപ്രധാനമായ ഒരു സിനിമയൊരുക്കുക എന്നതുതന്നെ വലിയൊരു വെല്ലുവിളിയാണ്.അതിനൊപ്പം തന്നെ അതിനെ എൻഗേജിംഗാക്കുക എന്നു കൂടി പറയുമ്പോൾ ഏറെക്കുറെ അസാദ്ധ്യമായൊരു കാര്യമായി അതു മാറുന്നു.എന്നാൽ ക്രാഫ്റ്റിന്റെ അതിഗംഭീരമായ കയ്യടക്കത്താലും,വിഷ്ണു ഗോവിന്ദനെന്ന അഭിനേതാവിന്റെ ടെറിഫിക് പെർഫോമൻസിനാലും മലയാളത്തിലീവർഷമിറങ്ങിയിട്ടുള്ളതിൽ വെച്ചേറ്റവും യുണീക്കായ ചലച്ചിത്രാനുഭവമാവുകയാണ് അറ്റൻഷൻ പ്ലീസ്.

കഥകൾ പറഞ്ഞു പറഞ്ഞ് മടുത്ത,തന്റെയാദ്യത്തെ ബ്രേക്കിനായി ഇപ്പോഴും കാത്തിരിക്കുന്ന ഹരി എന്ന ചെറുപ്പക്കാരനായ തിരക്കഥാകൃത്താണ് അറ്റൻഷൻ പ്ലീസിന്റെ ആത്മാവ്.ഹരിക്കുള്ളിൽ ജീവനും,ആത്മാവും,പ്രണയവും,സ്നേഹവും തുളുമ്പുന്ന കഥകളുടെ അനന്തമായ ഒരു സാഗരം തന്നെ അലയടിക്കുന്നുണ്ട്.അക്കഥകളിലോരോന്നും തിരശ്ശീലയിൽ സ്വരൂപങ്ങൾ പൂണ്ടാടാൻ അദമ്യമായി ആഗ്രഹിക്കുന്നുമുണ്ട്.എന്നാൽ കൂട്ടുകാരെപ്പോലെ സിനിമാക്കാർക്കും അയാളുടെ കഥകളെ മനസ്സിലാവുന്നില്ല.അയാളുടെ കഥാസന്ദർഭങ്ങളുടെ ചൂടിനും,ചൂരിനും "ഛെ,മൂഡ് കളഞ്ഞു" എന്ന പ്രതീതി സൃഷ്ടിക്കാനേ ആവുന്നുള്ളൂ.അയാൾ നിരാശനാണ്.നിരാസങ്ങളേക്കാൾ അയാളെ വിഷമിപ്പിക്കുന്നത്,മറ്റൊരാളെപ്പോലെയെഴുതാനുള്ള അഭിപ്രായങ്ങളാണ്.ഹരി പ്രതിനിധാനം ചെയ്യുന്നത് സ്വത്വത്തെ മുറുകിപ്പിടിച്ച് ക്രിയേറ്റീവാകാൻ ആഗ്രഹിക്കുന്ന ഒരുപാടു പേരെയാണ്,തെറ്റിദ്ധരിക്കപ്പെട്ടുപോകുന്ന ക്രിയേറ്റിവിറ്റിയെയാണ്,വർണ്ണത്താലും ജാതിയാലും മാറ്റിനിർത്തപ്പെടുന്ന പ്രതിഭകളെയാണ്..

അറ്റൻഷൻ പ്ലീസ് ഡ്രൈവ് ചെയ്യപ്പെടുന്നത് ഹരി പറയുന്ന കഥകളാലാണ്.ആ കഥകളോരോന്നും അസുഖകരങ്ങളായ,ട്രോമാറ്റിക്കായ ജീവിതപരിസരങ്ങളെ കോംപ്രമൈസുകളില്ലാതെ പ്രതിനിധാനം ചെയ്യുന്നവയുമാണ്.യാതൊരു വിധത്തിലുള്ള ഇൻഹിബിഷനുകളും കൂടാതെയാണ് ഹരി അവ നരേറ്റ് ചെയ്യുന്നതും.അതിനൊപ്പം വരുന്ന പശ്ചാത്തലശബ്ദങ്ങളുടെ മിനിമലിസ്റ്റിക് ഉപയോഗം കൂടിയാകുമ്പോൾ അക്കഥകളൊക്കെയും മറക്കാനാവാത്ത അനുഭവങ്ങളാകുന്നുണ്ട്.എനിക്കേറെ ആകർഷണീയമായിത്തോന്നിയ ഒരു ഫീച്ചർ സിനിമയുടെ ലൈറ്റിംഗാണ്.ഹരി സബ്മിസ്സീവാകുന്ന ആദ്യഭാഗങ്ങൾ മുഴുവൻ വെളിച്ചം നിറഞ്ഞ ഇന്റീരിയറുകളാൽ സമൃദ്ധമാകുമ്പോൾ,ചിത്രം ഒരു സൈക്കോത്രില്ലർ സ്വഭാവത്തിലേക്ക് വഴി മാറുന്ന,ഹരി ഡോമിനന്റാകുന്ന ഫ്രെയിമുകൾക്ക് ഇരുട്ടിന്റെ ഛായയാണ്.ആ ഇരുട്ടിലാണ് ഹരി തന്നെ തുറന്നുവെക്കുന്നത്.

സട്ടിലായി പറഞ്ഞുപോകുന്നതൊക്കെയും രാകി മിനുക്കപ്പെട്ട് അറക്കവാൾ മൂർച്ചയിൽ കുത്തിക്കയറുകളാണ് അവസാനഭാഗങ്ങളിൽ.അതു വരെയും,അവരും ഇവരുമായി കഥകളിൽ നിറഞ്ഞു നിന്നവരൊക്കെയും 'ഞാനാ'യി മാറുകയാണ് ഹരിയുടെ പിന്നീടുള്ള 'കഥ'കളിൽ."ഹരിയാണോ,ഹരിജനാണോ?","എണ്ണ തേച്ചു കുളിച്ചു നിറം വരുത്ത്","നീയൊക്കെ കഥയെഴുതുതുമോ?"തുടങ്ങിയ മറകളേതുമില്ലാത്ത വർണ്ണ-ജാതി വെറികളുടെ ഘോഷയാത്രയാണവിടെ.പരിയേറും പെരുമാളിനെപ്പറ്റി വളരെ ഡയരക്ടായിത്തന്നെ പരാമർശിക്കുന്നുണ്ട് സിനിമയിൽ."അതുപോലത്തെ പ്രശ്നങ്ങൾ ഇവിടെയുണ്ടോ?"എന്ന് ഹരി ചോദിക്കുന്നത് അയാളുടെ കൂട്ടുകാരോടു മാത്രമല്ല;നമ്മളോടു കൂടിയാണ്.ഇവിടെ ജാതിയുണ്ടെന്ന് പെണ്ണുങ്ങൾക്ക് തോന്നുന്നുണ്ടോയെന്ന് കൂട്ടുകാരന്റെ കാമുകിയോടു ചോദിക്കുന്ന ഹരി,അവളുടെ ബ്രാഹ്മണനായ കാമുകന്റെ വീട്ടിലേക്ക് അവൾക്ക് കയറിപ്പോകാൻ പറ്റണമെന്ന് പറയുന്നുണ്ട്."ജാതി ചേരൂല,കളറ് ചേരൂല,ചേരൂല ചേരൂല"അതും പറഞ്ഞ് ഹരിയൊരു ചിരി ചിരിക്കുന്നുണ്ട്;ബ്രെത്ടേക്കിംഗ്ലി ബ്രില്യന്റ്.കാഷ്വലായ ജീവിതസന്ദർഭങ്ങളിൽ പോലും നമ്മളിലന്തർലീനമായ ജാതിബോധം നമ്മെയെങ്ങനെയാണ് ഡ്രൈവ് ചെയ്യുന്നതെന്ന റിഫ്ലക്ഷനിലൂന്നിയുള്ള ക്ലൈമാക്സ് അറ്റൻഷൻ പ്ലീസിനെ സാധ്യമായ ഏറ്റവും മികച്ച രീതികളിലൊന്നിൽ അവസാനിപ്പിക്കുന്നു.

അറ്റൻഷൻ പ്ലീസ്,ജാതി വ്യവസ്ഥയെ,വർണ്ണ വ്യവസ്ഥയെ,കലയിലെ സ്വത്വബോധങ്ങളെ വിമർശിക്കുന്ന രാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്ന സിനിമയല്ല;മറിച്ച് അറ്റൻഷൻ പ്ലീസ് തന്നെ ഒരു രാഷ്ട്രീയമാണ്.അടിമുടി അത് പേറുന്നത് കലർപ്പില്ലാത്ത ഒരു

പൊളിറ്റിക്കൽ സ്റ്റേറ്റ്മെൻറ്റിനെയാണ്.അങ്ങേയറ്റം ആദരവോടെ അതിനെ അഭിവാദ്യം ചെയ്യുന്നു.